എടുത്ത ഡിസിഷൻ എന്നു പറയുന്നത്, നിയമാനുസൃതം ആവശ്യമായ രേഖകളോടുകൂടി സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം അപേക്ഷ സമർപ്പിക്കാൻ ഇതുവരെ ഇബ്രാഹിം തയ്യാറാകാത്ത സാഹചര്യത്തിലാണ് ഇബ്രാഹിമിനെ ഇവിടുന്ന് നാടു കടത്തുന്ന സാഹചര്യത്തിലേയ്ക്ക് നീങ്ങിയത്. പക്ഷേ പാകിസ്ഥാൻ ഗവൺമെന്റ് സ്വീകരിച്ചില്ല. അതിന്റെ ഫലമായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങൾ ഉണ്ടായി. ഗവൺമെന്റിനെ സംബന്ധിച്ചുള്ള പൊതു നിലപാട് ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ജനിച്ച് പാകിസ്ഥാനിലേക്ക് ജോലി തേടിപ്പോയി മടങ്ങിവന്ന പാക് പൗരൻമാരിൽ മിക്കവരും പ്രായം ചെന്നവരും രോഗികളുമാണ്. മാനുഷിക പരിഗണന നൽകി അവർക്ക് സ്വന്തം നാട്ടിൽ താമസിക്കാനുള്ള അനുവാദം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ: ഇന്നലെ ഞാൻ ആ വീട്ടിൽ ചെന്നപ്പോൾ പ്രത്യേക അപേക്ഷ കൊടുക്കണമെന്നാണ് പറഞ്ഞത്. അത് ശരിയാണോ?

ശ്രീ. എ. കെ. ആന്റണി: ഓരോരുത്തരും പ്രത്യേക അപേക്ഷ തരണം. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് കേന്ദ്ര ഗവൺമെന്റിന് ശുപാർശ കൊടുക്കണം. തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിൽ ജനിച്ച് പാകിസ്ഥാനിലേക്ക് തൊഴിൽ തേടിപ്പോയി മടങ്ങി വന്നിട്ടുള്ള എല്ലാ കേരളീയർക്കും സ്വന്തം നാട്ടിൽ കഴിയാനുള്ള സാഹചര്യം ഉണ്ടാകണമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ഈ വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(6) മാള നിയോജക മണ്ഡലത്തിലെ കല്ലേറ്റുംകരയിലെ റെയിൽവേ മേൽപ്പാലത്തിന്റെ പണി

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ഒരുപാട് പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കല്ലേറ്റുംകരയിൽ ബ്രിഡ്ജസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ പണിതുകൊണ്ടിരിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ പണി രണ്ടുഭാഗവും യോജിക്കാതെ അങ്ങനെ നിൽക്കുകയാണ്. റെയിലുമായിട്ടുള്ള ക്രോസ്സിംഗ് കൂട്ടി യോജിപ്പിക്കാനുള്ള പണി മാത്രം ബാക്കി നിൽക്കുകയാണ്. ഇത് വളരെ നാളുകളായി സ്തംഭനാവസ്ഥയിലാണ്. എന്റെ നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന ചാലക്കുടി പാലം, തൃശ്ശൂരിലെ പാമ്പു ഓവർബ്രിഡ്ജ് ഇവയുടെ പണിയും സ്തംഭനാവസ്ഥയിൽ നിൽക്കുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, തൃശ്ശൂർ ജില്ലയിലെ മാള നിയോജക മണ്ഡലത്തിൽ കല്ലേറ്റുംകരയിൽ പണിതുകൊണ്ടിരിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി മിക്കവാറും പൂർത്തീകരിച്ചു കഴിഞ്ഞു. റെയിൽവേ ട്രാക്കിന് മുകളിലുള്ള പണി ചെയ്യുന്നതിന് റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിച്ചിട്ടില്ല. തന്മൂലം പണി തടസ്സപ്പെട്ടിരിക്കുകയാണ്. ഉടൻതന്നെ അനുമതി നൽകുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ മേൽപ്പാലത്തിന്റെ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly